എ.എസ്. തുക -9.34 കോടി രൂപ

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊഫൈൽ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(v) 41 കിലോമീറ്റർ ദൈർഘ്യമുള്ള പള്ളം-മാവേലിക്കര 66 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ ആക്കുന്നതിനുള്ള പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

എ.എസ്. തുക -54 കോടി രൂപ

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രസ്തുത ലൈനിന്റെ മാവേലിക്കര മുതൽ തിരുവല്ല ഭാഗം വരെയുള്ള പ്രൊഫൈൽ സർവ്വേ ജോലികൾ പുരോഗമിക്കുന്നു.

ഇടപ്പോൾ 220 കെ.വി. സബ്സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂരയിൽ 30 KWP ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

1. മാവേലിക്കര ട്രാൻസ്മിഷൻ ഡിവിഷന്റെ കീഴിൽ 220 കെ.വി. ഇടപ്പോൺ സബ്സ്റ്റേഷൻ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സബ്സ്റ്റേഷൻ യാഡിൽ നിലവിലുള്ള ലൈറ്റിംഗ് സംവിധാനം മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

ഇടപ്പോൺ സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിലെ നിലവിലുള്ള ഉപയോഗശൂന്യമായ കംപ്രസർ മാറ്റി സ്പ്ലിറ്റ് എ.സി. സ്ഥാപിക്കുന്ന പദ്ധതി. ഇതുകൂടാതെ കൺട്രോൾ റൂമിൽ HVAC System (High Voltage Alternating Current)-ന് വേണ്ടി പുതിയ AC സ്ഥാപിക്കുന്ന പദ്ധതി. ഈ പദ്ധതികൾ സെപ്റ്റംബർ 2017 ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**അതിരപ്പിള്ളി വൈദ്യുതപദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് കെ.എസ്.ഇ.ബോർഡ് ചെലവാക്കിയ തുക**

123 (5850) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതിരപ്പള്ളി വൈദ്യുതപദ്ധതി ഉപേക്ഷിയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഈ പദ്ധതി ഉപേക്ഷിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി സംബന്ധിച്ച പ്രവർത്തനം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ആരംഭിച്ചത് എന്നാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിലേക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് എത്ര കോടി രൂപാ ചെലവാക്കിയിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷം തിരിച്ച് തുക വിശദമാക്കുമോ;

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് 1982-ലാണ് തയ്യാറാക്കിയത്. വിശദമായ പഠനത്തിന് ശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതു താല്പര്യ ഹർജികൾ പരിഗണിച്ച് മന്ത്രാലയം 2007-ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 04.01.2010-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുകയും ഇതിനുള്ള മറുപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നോട്ടീസ് 09.10.2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും 163 മെഗാവാട്ടിന്റെ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി 18.07.2017 വരെ നീട്ടി തരികയും ചെയ്തു.

(ഡി) ഈ പദ്ധതിക്കായി ഇതുവരെയും 14.45 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

സാമ്പത്തികവർഷം തിരിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Upto 2008-09 | 7,98,61,188 രൂപ |
| 2009-2010 | 1,08,78,868 രൂപ |
| 2010-2011 | 1,23,62,902 രൂപ |
| 2011-2012 | 2,06,13,519 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 2012-2013 | 88,28,159 രൂപ |
| 2013-2014 | 27,25,081 രൂപ |
| 2014-2015 | 23,20,324 രൂപ |
| 2015-2016 | 22,06,264 രൂപ |
| 2016-2017 | 47,03,695 രൂപ |
| ആകെ | 14.45 കോടി രൂപ |

## കാസർഗോഡ് ജില്ലയിൽ മസ്ദൂർ നിയമനം

124 (5851) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിയമനത്തിനായി അഡ്വൈസ് മെമ്മോ അയച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമന ഉത്തരവ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ എത്ര പേർക്ക് നിയമന ഉത്തരവ് നൽകാനുണ്ട്;

(സി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 28 ഒഴിവുകൾ 28-12-2016-ന് റിപ്പോർട്ട് ചെയ്തതിൻപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 28 പേരുടെ അഡ്വൈസ് ലിസ്റ്റ് നൽകുകയുണ്ടായി. എന്നാൽ ഒഴിവുകളുടെ അഭാവത്തിൽ ഒരാളിന് മാത്രമാണ് നിമയന ഉത്തരവ് നൽകാൻ സാധിച്ചത്.

പ്രൊമോഷനുകൾ, റിട്ടയർമെന്റ് എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ബാക്കി നിയമനം നൽകുവാനുള്ളവർക്ക് ഈ വർഷം തന്നെ നിയമനം നൽകാൻ ശ്രമിക്കുന്നതാണ്.

(ബി) 27

(സി) സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly